ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇല്ല.

(ഡി) ഇക്കാര്യം സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

സഹകരണ ബാങ്ക് ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി

150 [3152] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സഹകരണബാങ്ക് ജീവനക്കാർക്കായി പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പെൻഷൻ പദ്ധതിയുടെ പൂർണ്ണ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ബാങ്ക് ജീവനക്കാർക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി ഒരു പെൻഷൻ പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 3-6-93-നുശേഷം റിട്ടയർചെയ്ത ജീവനക്കാർക്ക് മാത്രമേ പെൻഷന് അർഹത ഉണ്ടായിരുന്നുള്ളു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-1-1974-നും 3-6-1993-നും ഇടയിൽ റിട്ടയർ ചെയ്ത ജീവനക്കാരെക്കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വ്യവസായം, മൽസ്യബന്ധനം, ഡയറി, കയർ, ഹാൻഡ്ലൂം, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് എന്നീ വകുപ്പുകളുടെ കീഴിൽ വരുന്ന സഹകരണസംഘം ജീവനക്കാരേയും പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കുവേണ്ടി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

†അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly